കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പാങ്ങോട് ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

തിരുവനന്തപുരം

e-mail:lfadtvm@yahoo.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.10/1894/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം,

തീയതി: 26.09.2017

e-mail:lfadtvm@yahoo.in

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

പാങ്ങോട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പാങ്ങോട് ഗ്രാമപഞ്ചായത്ത് - 2016-17സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) - ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികയിലേക്ക് പ്രത്യേകം ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക).

വിശ്വസ്തതയോടെ

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

<u>പകർപ്പ് :</u>

1) സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം),

2) ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്, തിരുവനന്തപുരം,

3) കാര്യാലയ പകർപ്പ്,

4) സ്പെയർ.

നം.കെ.എസ്.എ.റ്റി.വി.എം/ജി.പി.10/ 1894/2017 തീയതി: 26.09.2017

**തിരുവനന്തപുരം ജില്ലയിലെ പാങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ പാങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2016 മുതൽ 31.03.2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 33 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. പ്രസ്തുത മറുപടികളും വിശദീകരണങ്ങളും പരിഗണിച്ചുകൊണ്ടാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്.

സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.എ.ജമാലുദീൻ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 13.09.2017 മുതൽ 18.09.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.ഷിബു.റ്റി, ഓഡിറ്റ് ഓഫീസർ |
| | ശ്രീ.പ്രേംനാഥ്,ജി.കെ, (സീ. ഗ്രേഡ് ഓഡിറ്റർ). |
| | ശ്രീമതി.ശാലിനി,വി.കെ, (സീ. ഗ്രേഡ് ഓഡിറ്റർ). |
| | ശ്രീമതി.അനിഷ,എസ്.ബി,(സീ. ഗ്രേഡ് ഓഡിറ്റർ). |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. എസ്. ഗീത | 01-04-2016മുതൽ 31-03-2017വരെ |
| സെക്രട്ടറി | ശ്രീമതി. കെ. എസ്. ജെസ്സി | 01-04-2016മുതൽ 31-03-2017വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | ഉദ്യോഗസ്ഥന്റെ പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | പവിത്ര.സി.ജി | 01-04-2016മുതൽ 17.10.2016വരെ |
| | ബഗിത ബന്ധു | 18.10.2016മുതൽ 31.03.2017വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (എ-സർക്കിൾ) | സഫീന | 10-04-2016മുതൽ 31.03.2017 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ബി-സർക്കിൾ) | സൗമ്യ.ആർ.ബി | 01-04-2016മുതൽ 31.03.2017 വരെ |
| ഐ.സി.ഡി. എസ്. സൂപ്പർവൈസർ | ഗീത.ആർ | 01-04-2016മുതൽ31.8.2016 വരെ |
| | ബിന്ദു.ജെ.എസ് | 01.09.2016 മുതൽ 31.3.2017 വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | ഹീര.റ്റി.എസ് | 01-04-2016മുതൽ 31.03.2017 വരെ |
| ഹെഡ്മാസ്റ്റർ | അബ്ദുൽ അസീസ് .എം | 01-04-2016മുതൽ 31.03.2017 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | രമ്യ സുധീർ | 01-04-2016മുതൽ 11.07.2016 വരെ |
| | ലേഖ.കെ.ആർ | 11.07.2016 മുതൽ 20.07.2016 വരെ |
| | ദിലീപ്.വി | 21.07.16 മുതൽ 31.03.2017 വരെ |
| വെറ്ററിനറി സർജൻ | ഡോ.സോഫിയ.എൽ | 01-04-2016മുതൽ31.03.2017 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ആർ.വത്സല | 01.04.2016 മുതൽ 06.01.2017 വരെ |
| | എം.സുനി | 07.01.2017 മുതൽ 31.03.2017 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |

| | | | |
|---|---|---|---|
| 12 | ക്യാഷ്ബുക്ക് പരിപാലനം | 1-12 | |
| 13 | 2015-16 ഫണ്ട് വിനിയോഗം | 1-13 | |
| 14 | 2016-17 ഫണ്ട് വിനിയോഗം | 1-14 | |
| | ഭാഗം 2 | | |
| 15 | തൊഴിൽ നികുതി | 2.1 | |
| 16 | ലേലം | 2.2 | |
| 17 | ഡി & ഒ ലൈസൻസ് - ട്രേഡേഴ്സ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 2.3 | |
| 18 | പരസ്യ നികുതി ഈടാക്കിയിട്ടില്ല. | 2.4 | |
| 19 | അൺ എയ്ഡഡ് സ്ഥാപനങ്ങൾക്ക് ഫിറ്റ്നെസ് നൽകിയിട്ടില്ല | 2.5 | |
| 20 | വസ്തുനികുതി കുടിശ്ശിക –2538570/- രൂപ | 2.6 | |
| | ഭാഗം 3 | | |
| 21 | ഓട്ടോറിക്ഷാ വാങ്ങൽ- പദ്ധതി ലക്ഷ്യം കൈവരിച്ചില്ല- തുക തടസ്സം ചെയ്യുന്നു | 3.1 | |
| 22 | സെക്രട്ടറി നടപ്പിലാക്കിയ | 3.2 | |

| | | | |
|---|---|---|---|
| | പദ്ധതികളിലെ അപാകതകൾ | | |
| 23 | മെഡിക്കൽ ഓഫീസർ (പി.എച്ച.സി) നടപ്പാക്കിയ പദ്ധതികളിലെ അപാകങ്ങൾ | 3.3 | |
| 24 | എക്സ്പെൻഡിച്ചർ സ്റ്റേറ്റുമെൻറിൽ വരാതെ ചെലവുകൾ | 3.4 | |
| 25 | ഭരതന്നൂർ എൽ.പി.എസിലേക്ക് ഫർണിച്ചർ വാങ്ങൽ- സർക്കാർ നിർദ്ദേശം പാലിച്ചില്ല | 3.5 | |
| 26 | അഡ്വാൻസ് തുകകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നു. | 3.6 | |
| 27 | കാലാവധി കഴിഞ്ഞ ചെക്ക് തനതുഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ് | 3.7 | |
| 28 | ഗുണഭോക്തൃവിഹിതം -44000/-രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു | 3.8 | |
| 29 | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വാങ്ങൽ- മാർഗ്ഗരേഖ പാലിച്ചില്ല | 3.9 | |

| | | | |
|---|---|---|---|
| | | | |
| 30 | തെരുവ് നായ്ക്കളുടെ നിയന്ത്രണം എ.ബി.സി പദ്ധതി നടപ്പിലാക്കിയില്ല | 3.10 | |
| 31 | പ്രൊവിഷൻ രേഖപ്പെടുത്താതെ മുൻവർഷ ചെലവുകൾ തൻവർഷം ചെലവഴിച്ചത് | 3.11 | |
| 32 | പ്രോക്യൂർമെൻറ് ചട്ടങ്ങൾ പാലിക്കുന്നില്ല | 3.12 | |
| 33 | ഗവൺമെൻറിലേക്ക് ഒടുക്കുവാനുള്ള തുകകൾ ഒടുക്കു വരുത്തിയിട്ടില്ല | 3.13 | |
| 34 | ജൈവവൈവിധ്യ മാനേജ്മെൻറ് കമ്മിറ്റികൾ രൂപീകരിച്ചിട്ടില്ല | 3.14 | |
| 35 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി അവലോകനം | 3.15 | |
| 36 | ഇ-ടെണ്ടർ മുഖേനയുള്ള മരാമത്ത് പ്രവൃത്തികൾ ഫോറം വിലയും നികുതിയും പഞ്ചായത്ത് ഫണ്ടിൽ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കണം | 3.16 | |

| | | | |
|---|---|---|---|
| | | | |
| 37 | കേരള സംസ്ഥാന കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതത്തിലെ പഞ്ചായത്ത് വിഹിതം ഈടാക്കുവാൻ ശ്രദ്ധ നൽകണം | 3.17 | |
| 38 | റോഡ് കണക്റ്റിവിറ്റി മേപ്പ് തയ്യാറാക്കിയിട്ടില്ല. | 3.18 | |
| 39 | അംഗൻവാടികളിലെ കണക്ഷന് സബ്സിഡി | 3.19 | |
| | ഭാഗം 4 | | |
| 40 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 41 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 42 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 43 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |

| | | | |
|---|---|---|---|
| 44 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 45 | ഓഡിറ്റ് റിക്കവറി | 4-6 | |
| 46 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 47 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 48 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

തെരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടം നിലവിൽ ഉണ്ടായിരുന്നതിനാൽ വോട്ട് ഓൺ അക്കൗണ്ട് 21.03.2016-ലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. മുന്നിരിപ്പ് ഉൾപ്പെടെ ആകെ വരവ് 171117514/- രൂപയും പ്രതീക്ഷിത ചെലവ് 116726700/- രൂപയും നീക്കിയിരിപ്പ് 4390814/- രൂപയുമാണ്. 2016-17സാമ്പത്തിക വർഷത്തെ ബജറ്റ് 16.06.2017 തീയതിയിലെ 1 -ാംനമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം മുന്നിരിപ്പ് ഉൾപ്പെടെ പ്രതീക്ഷിത വരവ് 192641958/-രൂപയും പ്രതീക്ഷിത ചെലവ് 184815000/- രൂപയും നീക്കിയിരിപ്പ് 7826958/- രൂപയുമായിരുന്നു.

1-1 (എ) ബജറ്റിനെ അധികരിച്ച് ചെലവ് ചെയ്തിരിക്കുന്നു

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പ് ഉപവകുപ്പ് IA(6) പ്രകാരം അനിവാര്യമായ അടിയന്തിര സാഹചര്യത്തിലൊഴികെ പ്രാബല്യത്തിലുള്ളതായ ബജറ്റ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത യാതൊരു തുകയും ചെലവഴിക്കാൻ പാടുള്ളതല്ല. എന്നാൽ ബജറ്റ്, വാർഷിക ധനകാര്യ പത്രിക എന്നിവ പരിശോധിച്ചതിൽ ബജറ്റിൽ ഉൾപ്പെടാത്ത ചെലവുകൾ ചെയ്തിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചെർക്കുന്നു.

| ഇനം | വാർഷിക ധനകാര്യ പത്രിക പ്രകാരം | ബഡ്ജറ്റ് പ്രകാരം |
|---|---|---|
| Payment to IKM | 404148 | - |
| Computerisation of panchayaths - general | 81983 | - |
| Energy electrification of streetlights- general | 610673 | 250000 |

ഇത് സംബന്ധിച്ച ഓഡിററ് എൻക്വയറി നം. 19ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഭാവിയിൽ ബഡ്ജറ്റ് പ്രൊവിഷനെ അധികരിച്ച് ചെലവ് ചെയ്യുന്നില്ലായെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2017 | 26.07.17 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|

| | | |
|---|---|---|
| 2016-17 | 13.9.2017 | - |

# 1- 4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 14275784 |
| വരവ് | 64213148 |
| ആകെ | 78488932 |
| ചെലവ് | 56377369 |
| നീക്കിയിരിപ്പ് | 22111563 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം) | 0 | 13182408 | 13182408 | 13182408 | 0 | 100 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 5468372 | 5468372 | 5468372 | 0 | 100 |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 972140 | 972140 | 972140 | 0 | 100 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 4801547 | 4801547 | 4801547 | 0 | 100 |
| സംര. ഗ്രാന്റ് (നോൺറോഡ്) | 0 | 7338168 | 7338168 | 7338168 | 0 | 100 |
| 13-ാംധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 3278987 | 3278987 | 3278987 | 0 | 100 |
| പെർഫോമൻസ്ഗ്രാന്റ് | 0 | 2261241 | 2261241 | 2261241 | 0 | 100 |
| എം.എൻ.ആർ. ഇ. ജി.എസ്. | 1466 | 973497 | 974963 | 969174 | 5789 | 99.41 |
| ബി ഫണ്ട് | 0 | 701760 | 701760 | 701760 | 0 | 100 |
| സാക്ഷരത | 314760 | - | 314760 | - | 314760 | 0 |
| ജനറൽ പർപ്പസ് ഫണ്ട് | 5022100 | 10138488 | 15160588 | 5590364 | 9570224 | 36.87 |
| മറ്റ് ഫണ്ടുകൾ | 8937458 | 15096540 | 24033998 | 11884879 | 12220790 | 49.45 |

*വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ*

1. മുൻവർഷത്തെ അംഗീകരിച്ച AFS പ്രകാരം ജനറൽ ലഡ്ജർ ട്രയൽ ബാലൻസിലെ Excess of Income over expenditure പ്രകാരം നീക്കിയിരിപ്പ് 7002825/- രൂപ ആണ്. എന്നാൽ തൻവർഷത്തെ ജനറൽ ലഡ്ജർ ട്രയൽ ബാലൻസ് പ്രകാരമുള്ള മുന്നിരിപ്പ് 10245833/- രൂപ ആണ്. വ്യത്യാസം 3243008/- രൂപ
2. MNREGS ന്റെ ക്യാഷ്ബുക്ക് പ്രകാരം വരവ് 1010497/- രൂപയാണ്. എന്നാൽ AFS പ്രകാരം 973497/- രൂപയാണ് , വ്യത്യാസം 37000/- രൂപയാണ്.
3. ACR പ്രകാരം ICDS ന്റെ വരവ് 1018833/- ആണ്. എന്നാൽ AFS പ്രകാരം 1086599/- ആണ്.
4. EMS ലോൺ രജിസ്റ്റർ പ്രകാരം തൻവർഷം ലോൺ ഇനത്തിൽ തിരിച്ചടച്ച മുതൽ 3025000/- രൂപ ആണ്. എന്നാൽ RP 32 പ്രകാരം 3469443/- ആണ്. വ്യത്യാസം 444443/-.
5. EMS ലോൺ രജിസ്റ്റർ പ്രകാരം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക 11983605/- ആണ്. എന്നാൽ B5 ഷെഡ്യൂൾ പ്രകാരം ആയത് 2158750/- ആണ്. വ്യത്യാസം 9824855/-.
6. B-11 (a) Schedule പ്രകാരം capital work in progress 2690483/- ആണ്. എന്നാൽ AE സാക്ഷ്യപ്പെടുത്തിയ രേഖകൾ പ്രകാരം ആയത് 2561116/- ആണ്.
7. B-9 ഷെഡ്യൂളിലെ provision പ്രകാരമല്ല എല്ലാ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകളും അടുത്ത സാമ്പത്തിക നടത്തിയിരിക്കുന്നത്.

| ഉദാ : | AFS പ്രകാരം | വൗച്ചർ പ്രകാരം |
|---|---|---|
| Pension Contribution payable | 54601 | 50048 |
| State life Insurance | 5025 | 4525 |
| Group Insurance scheme | 2700 | 2550 |

8. RP 43 പ്രകാരം കെട്ടിട നികുതി കളക്ഷൻ 3283706/- രൂപ ആണ്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം കളക്ഷൻ 3287264/-, വ്യത്യാസം 3558/- രൂപ.
9. RP 43 പ്രകാരം തൊഴിൽ നികുതി - സ്ഥാപനങ്ങളിൽ നിന്നുള്ള വരവ് 341650/- ആണ്. എന്നാൽ രജിസ്റ്റർ പ്രകാരം 352900/- രൂപ ആണ്. വ്യത്യാസം 11250/-
10. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ലാത്തതിനാൽ B-11 ഷെഡ്യൂൾ പ്രകാരമുള്ള ആസ്തികളുടെ മൂല്യം കൃത്യമായി നിർണ്ണയിക്കാനായിട്ടില്ല.
11. വാർഷിക ധനകാര്യ പത്രിക പ്രകാരം തൊഴിൽ രഹിത വേതനം ചെലവ് 701760/- രൂപയാണ്. എന്നാൽ രജിസ്റ്റർ പ്രകാരം ആയത് 701940/- ആണ്.

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകളുടേയും നടപ്പാക്കിയ പ്രോജക്ടുകളുടേയും വിവരം ചുവടെ കൊടുത്തിരിക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളു |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | | | | ടെ ശതമാനം |
| 178 | 87111612 | 74 | 42316654 | 28 | 76 | 48 |

# 1-7 തനത് വരുമാനം. (AFS പ്രകാരം)

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | | | | |
| തൊഴിൽ നികുതി | 1096610 | 1144310 | 47700 | 4.35 |
| കെട്ടിട നികുതി | 1213609 | 3283706 | 2070097 | 170.57 |
| വിനോദ നികുതി | - | - | - | - |
| പരസ്യ നികുതി | - | - | - | - |
| നികുതിയേതര വരവുകൾ | | | | |
| ലേലം | 208430 | 82550 | 125880 | 60.39 (-) |
| ഷോപ്പിംഗ് കോംപ്ലക്സ് വാടക | 468684 | 542209 | 73525 | 15.68 |
| ഡി & ഒ ലൈസൻസ് | 88700 | 103900 | 15200 | 17.14 |
| മറ്റുവരവുകൾ | 1417926 | 10043765 | 584614 | 86.47 |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച | ഗുണഭോക്താക്കളുടെ |
|---|---|---|

| | തുക | എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 701760 | 799 |
| കർഷകതൊഴിലാളി പെൻഷൻ | 7054400 | 3444 |
| വിധവാപെൻഷൻ | 18088400 | 7900 |
| വാർദ്ധക്യകാലപെൻഷൻ | 23321300 | 8811 |
| വികലാംഗപെൻഷൻ | 3851900 | 1605 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | - | - |
| 50 വയസിനുമേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 271800 | 116 |

## 1- 9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന18.09.2017ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 24825/-രൂപയുടെ ക്യാഷ് ബാലൻസിന്റെ / നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം.

തനതുവരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ട്രേഡേഴ്സ് രജിസ്റ്ററിലെ മുഴുവൻ പേരേയും ലൈസൻസ് രജിസ്റ്ററിൽ ഉൾപ്പെടുത്തി വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസും തൊഴിൽ നികുതിയും, സ്ഥാപനനികുതിയും നിർണയിച്ച് ഈടാക്കേണ്ടതാണ്. ഓഡിറ്റോറിയങ്ങൾ, ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ തുടങ്ങി പഞ്ചായത്ത് പരിധിയിൽ രജിസ്ട്രേഷനില്ലാതെയും

രജിസ്ട്രേഷൻ പുതുക്കാതെയും അനധികൃതമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. തൊഴിൽ നികുതി ഈടാക്കുമ്പോൾ ആകെ അർധവാർഷിക വരുമാനത്തിൽ എല്ലാ വരുമാനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തി തൊഴിൽ നികുതി ഈടാക്കി നികുതിയിനത്തിലെ വരുമാന നഷ്ടം ഒഴിവാക്കേണ്ടതാണ്.

വസ്തുനികുതിയിനത്തിൽ കുടിശ്ശികയായി നിൽക്കുന്ന മുഴുവൻ തുകയും പിരിച്ചെടുക്കുവാൻ റവന്യൂ റിക്കവറി നടപടികൾ ആരംഭിക്കേണ്ടതാണ്. അംഗീകാരം ലഭിക്കുന്ന മുഴുവൻ പ്രോജക്ടുകളും നടപ്പിലാക്കേണ്ടതും വികസനമേഖലയിലെ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിലെ കാലതാമസം ഒഴിവാക്കേണ്ടതുമാണ്. അംഗനവാടികൾ, ശിശുമന്ദിരം, ബഡ്സ് സ്കൂൾ എന്നിവയുടെ നിലവിലെ ഭൗതിക സാഹചര്യം വിലയിരുത്തി ന്യൂനതകൾ പരിഹരിക്കേണ്ടതാണ്. സാമൂഹ്യ പെൻഷനുകൾക്ക് ലഭിക്കുന്ന അപേക്ഷകൾ റിപ്പോർട്ടിംഗ് ഉദ്യോഗസ്ഥർക്ക് കൈമാറുമ്പോൾ അന്വേഷണ റിപ്പോർട്ടുകൾ കാലതാമസം കൂടാതെ സമയബന്ധിതമായി ലഭ്യമാക്കേണ്ടതാണെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകേണ്ടതാണ്. തൊഴിലുറപ്പ് പദ്ധതിയിൽ ആസ്തികൾ സൃഷ്ടിക്കുന്ന പ്രവർത്തനങ്ങൾക്കും പ്രാധാന്യം നൽകേണ്ടതാണ്. പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ ജനക്ഷേമത്തിന്/സാമൂഹ്യനന്മയ്ക്ക് പ്രാധാന്യം നൽകി നടപ്പിലാക്കേണ്ടതാണ്. പൊതുമരാമത്ത് പ്രവൃത്തികളിൽ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുന്നവർക്ക് ലഭ്യമാക്കാൻ പറ്റുന്ന തൊഴിലവസരങ്ങൾ ഉണ്ടെങ്കിൽ ആയത് അത്തരക്കാർക്ക് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.7.2017 | 7/2017 | 07.08.2017 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 28.02.13 | 2011-12 | 27.6.13 |

## 1-12 ക്യാഷ് ബുക്ക് പരിപാലനം

ധനകാര്യ വകുപ്പിന്റെ 12.04.2006-ലെ സ.ഉ.(കൈ)177/2006 പ്രകാരം എല്ലാ നിർവഹണോദ്യോഗസ്ഥരും അവരവർക്ക് ലഭിക്കുന്ന ഫണ്ടിന്റെ വരവ് ചെലവ് കണക്കുകൾ ഫോറം TR 7A ക്യാഷ് ബുക്കിൽ എഴുതി സൂക്ഷിക്കേണ്ടതാണ്.

## 1-13 2015-16 ഫണ്ട് വിവരം

| ഫണ്ട് ഇനം | ബഡ്ജറ്റ് അലോട്ട്മെന്റ് | മുൻബാക്കി | തൻവർഷ അലോട്ട്മെന്റ് പ്രകാരമുള്ള വരവ് | ആകെ | ചെലവ് (ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത തുക | സഞ്ചിത നിധിയിലേക്ക് തിരികെ പോയ തുക |
|---|---|---|---|---|---|---|
| പൊതുവിഭാഗം | 13110079 | 2401532 | 18698621 | 21100153 | - | 5148932 |

| | | | | | | |
|---|---|---|---|---|---|---|
| എസ്.സി.പി | 7960000 | 2818105 | 7960000 | 10778105 | 2818105 | 5513735 |
| ടി.എസ്.പി | 257900 | 879987 | 2579000 | 3458987 | 879987 | 739865 |
| ലോകബാങ്ക് | 0 | 5707033 | 0 | 5707033 | 2362778 | 727296 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 5397417 | 1858535 | 5397417 | 7255952 | 268752 | - |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 14305000 | 2064431 | 14305000 | 16369431 | - | 1048248 |
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | 5214000 | 1744353 | 5214000 | 6958353 | - | 2534713 |

## 1-14 2015-16 ഫണ്ട് വിവരം

| ഇനം | കിട്ടിയ തുക | ചെലവഴിച്ച തുക | ബാക്കി |
|---|---|---|---|
| വികസനഫണ്ട് (പൊതുവിഭാഗം) | 17152387 | 13182408 | 3969979 |
| വികസനഫണ്ട് (എസ്.സി) | 8915259 | 5468372 | 3446887 |
| ധനകാര്യകമ്മീഷൻ അവാർഡ് | 9619922 | 3278987 | 6340935 |
| ലോകബാങ്ക് സഹായം | 5764728 | 2261241 | 2179509 |
| തനത് ഫണ്ട് | 10138488 | 3884010 | 6254478 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 15752478 | 7338168 | 8414310 |
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | 5741589 | 4801547 | 940042 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി

*1.ധനകാര്യ സ്ഥാപനങ്ങൾ*

www.keralataxes.gov.in/kmldealers വെബ്സൈറ്റ് പ്രകാരം പഞ്ചായത്തിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന ലൈസൻസ്ഡ് മണി ലെൻഡേഴ്സിൽ (List of Licence holders under Kerala Money Lenders Act 1958 as on 15-May-2014)നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| Licence No. | Dealer Name | Business Name | Business Address |
|---|---|---|---|
| | | | |
| 32010423557 | JAYAKUMAR | AISHWARYA FINANCE | AMH & SONS, PANGODE |
| 32010486164 | SHOBHANA | SOBHA FINANCE | SUMARAJAN BUILDINGS BHARATHANOOR |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (18) മറുപടിയായി നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്

*2.താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.*

1. കെ.എസ്. ഇ.ബി ഭരതന്നൂർ സെക്ഷൻ (1 &11അർദ്ധ വർഷം )

2. ഭരതന്നൂർ ശിവ ക്ഷേത്രം ജീവനക്കാർ (1 &11 അർദ്ധ വർഷം)

3. ഹെർക്കുലീസ് ഐ.റ്റിസി, പഴവിള (11അർദ്ധ വർഷം)

4. ഹെർക്കുലീസ് മോഡൽ സ്കൂൾ, പഴവിള (11അർദ്ധ വർഷം)

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (18) മറുപടിയായി കെ.എസ്. ഇ.ബി ഭരതന്നൂർ സെക്ഷൻ,ഭരതന്നൂർ ശിവക്ഷേത്രം എന്നീ സ്ഥാപനങ്ങളിലെ ജീവനക്കാർ മറ്റ് പഞ്ചായത്തുകളിൽ നികുതി ഒടുക്കിയതായി അറിയിച്ചിട്ടുണ്ട്. നികുതി ഒടുക്കിയതിന്റെ

വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

*3.പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഓഡിറ്റോറിയങ്ങൾ, ഡ്രൈവിംഗ് ഇൻസ്റ്റിറ്റ്യൂഷൻസ്*

*എന്നീ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന നികുതി ഈടാക്കേണ്ടതാണ്.*

*4. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അൺ എയ്ഡഡ് വിദ്യഭ്യാസ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും ലഭ്യമാക്കുന്ന അർദ്ധ വാർഷിക വരുമാന പത്രികയുടെ കൃത്യത ഉറപ്പ് വരുത്തേണ്ടതാണ്.*

## 2-2 ലേലം

പഞ്ചായത്ത് ഉടമസ്ഥതയിലെ ഏഴുകുടി ശ്മശാന ഭൂമിയിലെ റബ്ബറിൽ നിന്നും മേലാദായം എടുക്കുന്നതിനുള്ള അവകാശം.. 25.02.16 ലെ ലേലപ്രകാരം ശ്രീ. അജയകുമാർ എന്ന വ്യക്തിക്ക് 10100/- രൂപയ്ക്ക് നൽകിയെങ്കിലും ടി ലേലം പഞ്ചായത്ത് കമ്മിററിയുടെ 02.03.16 ലെ 13 നമ്പർ തീരുമാന പ്രകാരം റദ്ദ് ചെയ്തിട്ടുണ്ട്. എന്നാൽ ഇതിന്മേൽ 2016-17 ൽ പുനർലേലം നടത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 18 ന് മറുപടിയായി ഏഴുകുടി ശ്മശാന ഭൂമി കൈയ്യേറുന്നതിനുള്ള സാദ്ധ്യത ഉള്ളതിനാലും ഭൂമിക്ക് ചുറ്റുമതിൽ നിർമ്മിക്കാത്തതിനാലാണ് പ്രസ്തുത ലേലം റദ്ദ് ചെയ്തതെന്നും ചുറ്റുമതിൽ നിർമ്മാണത്തിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ഈ മറുപടി അംഗീകരിക്കത്തക്കതല്ല. പഞ്ചായത്ത് ആസ്തിയിൽ നിന്നുള്ള വരുമാനം ഉറപ്പാക്കേണ്ടതാണ്.

## 2-3 ഡി & ഒ ലൈസൻസ് - ട്രേഡേഴ്സ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

പഞ്ചായത്തിലുള്ള എല്ലാ സ്ഥാപനങ്ങളുടേയും വിവരം ഉൾപ്പെടുന്ന ട്രേഡേഴ്സ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. ഇതിന്റെ അഭാവത്താൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തി ഫീസ് ഈടാക്കുവാൻ കഴിയുന്നില്ല. വാർഡു തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി കാലതാമസം കൂടാതെ ഗ്രാമപഞ്ചായത്തിന്റെപരിധിയിൽ പ്രവർത്തിക്കുന്ന കച്ചവടസ്ഥാപനങ്ങൾക്ക് ലൈസൻസ് ഉറപ്പു വരുത്തേണ്ടതാണ്. പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സുകളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഡി & ഒ ലൈസൻസ് എടുത്തതിന്റെ വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(18) മറുപടി ലഭ്യമാക്കിയിട്ടില്ല. ട്രേഡേഴ്സ് രജിസ്റ്റർ കാലികമാക്കുകയും പഞ്ചായത്തിന് കീഴിലുള്ള ഷോപ്പിംഗ് കോംപ്ലക്സിൽ പ്രവർത്തിക്കുന്നതടക്കം എല്ലാ കച്ചവട സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടുവന്ന് പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കേണ്ടതുമാണ്.

## 2-4 പരസ്യ നികുതി ഈടാക്കിയിട്ടില്ല.

2016-17 സാമ്പത്തിക വർഷത്തിൽ പരസ്യനികുതി ഇനത്തിൽ പഞ്ചായത്തിന് വരവൊന്നും ലഭിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി പരസ്യ നികുതി ബൈലോ പഞ്ചായത്ത് കമ്മിറ്റി പാസ്സാക്കിയിട്ടില്ല എന്നറിയിച്ചിട്ടുണ്ട് . പരസ്യ നികുതി

ബൈലോ പാസ്സാക്കി പഞ്ചായത്ത് അധീനതയിലുള്ള പ്രദേശങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന പരസ്യങ്ങൾക്ക് നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 2-5 അൺ എയ്ഡഡ് സ്ഥാപനങ്ങൾക്ക് ഫിറ്റ്നെസ് നൽകിയിട്ടില്ല

പൊതു വിദ്യഭ്യാസ വകുപ്പിൻെറ ഉത്തരവ് നം ജി.ഒ.ആർ.ടി 2427/2007/ പൊതുവിദ്യാഭ്യാസം തീയതി 1.8.2007 പ്രകാരം തദ്ദേശസ്ഥാപനപരിധിയിൽ വരുന്ന അൺഎയിഡഡ് സ്ഥാപനങ്ങളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിന് എൽ.എസ്.ജി.ഡി എഞ്ചിനീയർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഒരു ഫിറ്റ്നസ് സർട്ടിഫിക്കറ്റിന് ആയിരം രൂപ നിരക്കിൽ ഈടാക്കാനാണ് നിർദ്ദേശം ഉള്ളത്. എന്നാൽ പാങ്ങോട് പഞ്ചായത്തിൽ അപ്രകാരം അൺഎയ്ഡഡ് സ്ഥാപനങ്ങൾക്ക് ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 13ന് മറുപടി പ്രകാരം ഇത്തരം സ്ഥാപനങ്ങളുടെ അപേക്ഷ ലഭിച്ചിട്ടില്ല എന്നറിയിച്ചിട്ടുണ്ട്. ഹെർക്കുലീസ് മോഡൽ സ്കൂൾ, ഹെർക്കുലീസ് ഐ.റ്റി.സി, എം.റ്റി.എം സ്കൂൾ തുടങ്ങിയ അൺ എയ്ഡഡ് സ്ഥാപനങ്ങൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നവയാണ്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ അൺഎയ്ഡഡ് സ്ഥാപനങ്ങളും ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് വാങ്ങുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-6 വസ്തുനികുതി കുടിശ്ശിക –2538570/- രൂപ

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 203പ്രകാരം ഗ്രാമപഞ്ചായത്ത് കെട്ടിടങ്ങൾക്ക് നിർണ്ണയിക്കുന്ന വസ്തുനികുതി തുടർന്നുള്ള വർഷങ്ങളിൽ കുടിശ്ശികയില്ലാതെ പിരിച്ചെടുക്കുന്നില്ല. വസ്തുനികുതിയുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് ഓഡിറ്റിന് ഹാജരാക്കിയ ഡി.സി.ബി.പത്രിക, പരിശോധിച്ചതിൽ 2016-17സാമ്പത്തിക വർഷം അരിയറും കറന്റും ഉൾപ്പെടെ 2538570/-രൂപ വസ്തുനികുതിയിനത്തിൽ ഗ്രാമപഞ്ചായത്തിന് പിരിഞ്ഞ് കിട്ടുവാനുണ്ട്. പഞ്ചായത്തിന്റെ തനതു വരുമാനമായ വസ്തുനികുതി പിരിച്ചെടുക്കാൻ ഗ്രാമപഞ്ചായത്ത് ഫലപ്രദമായ നടപടികൾ സ്വീകരിച്ചിരുന്നുവെങ്കിൽ ഇത്രയും വലിയൊരു തുക വസ്തുനികുതിയിനത്തിൽ കുടിശ്ശിക വരുമായിരുന്നില്ല. റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ച് കുടിശ്ശിക വസ്തുനികുതി പിരിച്ചെടുക്കേണ്ടതാണ്. വസ്തുനികുതിയുടെ അരിയറും കറന്റും ഉൾപ്പെടെയുള്ള വർഷം തിരിച്ചുള്ള കുടിശ്ശിക നിർണയിച്ച് റവന്യൂ റിക്കവറി നടപടികളിലൂടെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്ക് വരുത്തേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഓട്ടോറിക്ഷാ വാങ്ങൽ– പദ്ധതി ലക്ഷ്യം കൈവരിച്ചില്ല- തുക തടസ്സം ചെയ്യുന്നു

നിർവ്വഹണ ഉദ്യോഗസ്ഥ - അസിസ്റ്റൻറ് സെക്രട്ടറി

| | | |
|---|---|---|
| 1.പ്രോജക്റ്റ് നം: SOO89/17 | 2.പ്രോജക്റ്റ് നം-SOO88/17 | 3.പ്രോജക്റ്റ് നം-SO140/17 |
| പേര് : പട്ടികവർഗ്ഗക്കാർക്ക് ഓട്ടോറിക്ഷ വാങ്ങൽ സബ്സിഡി | പേര് : പട്ടികജാതിക്കാർക്ക് ഓട്ടോറിക്ഷ വാങ്ങൽ സബ്സിഡി | പേര് : പട്ടിക വർഗ്ഗ വനിതകൾക്ക് ഓട്ടോറിക്ഷ വാങ്ങൽ സബ്സിഡി |
| അടങ്കൽ-600000 വികസനഫണ്ട് | അടങ്കൽ -600000 വികസനഫണ്ട് | അടങ്കൽ- വികസനഫണ്ട് |
| ബിൽനം. -SO89/17 TSP Autorikshaw/28.3.17 200000/- | ബിൽനം.-SO88/17/ autorikshaw/28.3.17<br>300000SO88/17 /Autorikshaw /31.3.1750000 | ബിൽനം.- SO140/17/S.T<br>വനിത ഓട്ടോറിക്ഷ/ 28.3.17 100000 |

ജി.ഒ (എം.എസ്) 4/2016/lsgd date 11.1.2016പ്രകാരം ഗുണഭോക്താക്കൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലോ സ്വയം സംരംഭകത്വ മിഷനിലോ പേര് രജിസ്റ്റർ ചെയ്തവരും ഡ്രൈവിംഗ് ലൈസൻസും ബാഡ്ജ് ലഭിച്ചവരുമായിരിക്കണം. വാഹനം വാങ്ങിയ ശേഷം ആർ.സി ബുക്കിൻെറ പകർപ്പ് തദ്ദേശഭരണ സ്ഥാപനങ്ങളിൽ സമർപ്പിക്കേണ്ടതാണ്. എന്നാൽ പ്രസ്തുത പദ്ധതികളുടെ ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾകാണുന്നു.

1. മൂന്നു പദ്ധതികളിലും ഗുണഭോക്താക്കൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലോ സ്വയം സംരംഭകത്വ മിഷനിലോ രജിസ്റ്റർ ചെയ്തതിൻെറ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

2. മൂന്നു പദ്ധതികളിലും ഗുണഭോക്താക്കൾ വാഹനം വാങ്ങിയതിൻെറ തെളിവായി ആർ.സി ബുക്കിൻെറ പകർപ്പ് ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 20ന് ലഭ്യമാക്കിയ മറുപടിയിൽ ഗുണഭോക്താക്കൾക്ക് ലോൺ അനുവദിച്ചതായി എസ്.ബി.റ്റി മാനേജർ 15.3.17ൽ അറിയിച്ചതനുസരിച്ച് സബ്സിഡി തുക എസ്.ബി.റ്റി കല്ലറയുടെ റിസർവ് ഫണ്ടിലേക്ക് നൽകിയെന്നും27.3.17ൽ കൈപ്പറ്റ് രസീത് ലഭിക്കുകയും ചെയ്തിട്ടുണ്ട് എന്നറിയിച്ചിട്ടുണ്ട്. ഗുണഭോക്താക്കൾക്ക് ഓട്ടോറിക്ഷ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ഫയൽ പരിശോധിച്ചതിൽ 11.8.2017ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനം 2 (7) പ്രകാരം ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിന് കല്ലറ എസ്.ബി.ഐയിലേക്ക് തുക അടവാക്കിയെങ്കിലും ലോൺ അനുവദിച്ചിട്ടില്ലാത്തതിനാൽ ലോൺ അനുവദിക്കുന്നതിന് ബാങ്കിംഗ് ഓാബുഡ്സ്മാനോടും എസ്.ബി. ഐ സോണൽ മാനേജരോടും അഭ്യർത്ഥിക്കാൻ തീരുമാനിച്ചിട്ടുണ്ട്. പ്രോജക്റ്റ് നം.SO88/17പ്രകാരം ഒരു ഗുണഭോക്താവ് മാത്രമേ ഓട്ടോറിക്ഷ വാങ്ങിയതിൻെറ രേഖകൾ ലഭ്യമാക്കിയിട്ടുള്ളൂ. മേൽ സാഹചര്യത്തിൽ മൂന്നു പദ്ധതികൾക്കുമായി ചെലവഴിച്ച 650000/- രൂപയിൽ 50000/- രൂപ കഴിച്ച് 600000/-രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു. ഓട്ടോറിക്ഷാ വാങ്ങിയതിൻെറ രേഖകൾ ലഭ്യമാക്കുന്ന മുറയ്ക്ക് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-2 <u>പഞ്ചായത്ത് സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികളിലെ</u>

## അപാകങ്ങൾ **916385/-** രൂപ തടസ്സപ്പെടുത്തുന്നു.

*1.) തെരുവ് വിളക്ക് സ്ഥാപിക്കൽ - ചെലവ് തുക 248460/- രൂപ തടസ്സം വയ്ക്കുന്നു.*

പ്രോജക്ട് നമ്പർ : SO 155/17

ഫണ്ടിനം : ലോകബാങ്ക് സഹായം

അടങ്കൽ തുക : 250000

ചെലവ് തുക : 248460

ബിൽ നമ്പരും തീയതിയും : 40/16-17 തീയതി : 31.03.2017

പഞ്ചായത്തിലെ വിവിധ വാർഡുകളിൽ CFL ലൈറ്റ് സ്ഥാപിക്കുന്നതിനാണ് പദ്ധതി തയ്യാറാക്കിയത്. പഞ്ചായത്ത് സെക്രട്ടറിയുടെ 22.11.2016-ലെ നടപടി ക്രമങ്ങഴൾ [നമ്പർ A2/101/2016 (14)] പ്രകാരം 2x11 watts automatic streetlight സ്ഥാപിക്കുന്നതിന് ടെന്റർ നടപടി സ്വീകരിക്കുകയും തുടർന്ന് 01.12.2016 ന് പത്ര പരസ്യം നൽകുകയും ചെയ്തു. ഇ-ടെന്റർ മുഖേന ലഭ്യമായ 4 ടെന്ററുകളിൽ നിന്നും ആൽഫ ഇലക്ട്രോണിക്സ്, തിരുവനന്തപുരം എന്ന സ്ഥാപനത്തിന്റെ ടെന്റർ സ്വീകരിച്ചു. തുടർന്ന് 28.12.2016-ലെ 2-ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം CFL ലാമ്പിന് പകരം LED ലൈറ്റ് സ്ഥാപിക്കുന്നതിന് തീരുമാനിച്ചു. അതിൻ പ്രകാരം റീ-ടെന്റർ ചെയ്തപ്പോൾ ആൽഫ ഇലക്ട്രോണിക്സ് , തിരുവനന്തപുരം എന്ന സ്ഥാപനം മാത്രമാണ് ടെന്റർ നൽകിയത്. ടി ടെന്റർ നെഗോസിയേഷൻ പോലും കൂടാതെ 09.12.17 ൽ ചേർന്ന പഞ്ചായത്ത് കമ്മിറ്റി അംഗീകരിക്കുകയുണ്ടായി. തുടർന്ന് 06.03.2017 ന് ടി സ്ഥാപനവുമായി ഉടമ്പടി വയ്ക്കുകയും പഞ്ചായത്ത് സെക്രട്ടറിയുടെ 10.03.2017-ലെ A2/101 /16-17(4) നമ്പർ കത്ത് പ്രകാരം 123 watts LED ലൈറ്റുകൾ സപ്ലൈ ചെയ്യുന്നതിന് ടി സ്ഥാപനത്തിന് ഓർഡർ നൽകുകയും ചെയ്തു. ഉടമ്പടി അനുസരിച്ച് സപ്ലൈ ചെയ്യുന്ന തീയതി മുതൽ 15 മാസത്തേക്ക് സാധന സാമഗ്രികൾക്ക് റീപ്പയർ/റീപ്ലെയിസ്മെന്റ് വാറണ്ടിയുണ്ട്.

ടി സ്ഥാപനം 10.03.2017 ന് 123 LED ലൈറ്റുകൾ സപ്ലൈ ചെയ്യുകയും വിവിധ വാർഡുകളിൽ ടി ലൈറ്റുകൾ സ്ഥാപിച്ചതായി ബന്ധപ്പെട്ട വാർഡു മെമ്പർമാർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

ടി പദ്ധതി പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ/പോരായ്മകൾ ശ്രദ്ധയിൽപ്പെട്ടു.

(i) 16.10.2015-ലെ സർക്കാർ ഉത്തരവ് GO (Rt) No.3140/2015 പ്രകാരം KSEB യിൽ നിന്ന് ക്ലിയറൻസ് ലഭിച്ചതിന് ശേഷം മാത്രമാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ വാങ്ങുന്നതിന് സപ്ലൈ ഓർഡർ നൽകേണ്ടത്. എന്നാൽ KSEB യിൽ നിന്നും മുൻകൂർ ക്ലിയറൻസ് സർട്ടിഫിക്കറ്റ് നേടുകയോ ലൈറ്റ് സ്ഥാപിക്കുന്നതിന് മുന്നോടിയായി അനുമതി നേടുകയോ ഉണ്ടായില്ല.

(ii) പദ്ധതിയുമായി ബന്ധപ്പെട്ട് ശരിയായ പഠനം നടത്താത്തതിനാൽ ആനുകാലിക പത്ര പരസ്യയിനത്തിൽ 2 പ്രാവശ്യം തുക ചെലവഴിക്കേണ്ടി വന്നു.

(iii) റീ-ടെന്റർ ചെയ്തപ്പോൾ ഒരു ടെന്റർ മാത്രമേ ലഭ്യമായുള്ളൂ എങ്കിലും നെഗോഷൻ

നടത്തിയതായി കാണുന്നില്ല.

(iv) വിവിധ വാർഡ് മെമ്പർമാർ സമർപ്പിച്ച സാക്ഷ്യപത്ര പ്രകാരം LED ലൈറ്റുകൾ സ്ഥാപിച്ചു എന്ന് രേഖപ്പെടുത്തിയിരിക്കുന്ന ഇലക്ട്രിക് പോസ്റ്റ് നമ്പരുകൾ ഭൂരിഭാഗവും പഞ്ചായത്തിന്റെ സ്ട്രീറ്റ്ലൈറ്റ് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല. മാത്രവുമല്ല നമ്പർ രേഖപ്പെടുത്താത്ത/നമ്പറില്ല എന്ന് മെമ്പർമാർ സാക്ഷ്യപ്പെടുത്തിയിട്ടുള്ള ഇലക്ട്രിക് പോസ്റ്റുകളിലും LED ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. KSEB യുമായി ബന്ധപ്പെടാത്തതിനാ ലാണ് ഇപ്രകാരം സംഭവിച്ചതെന്ന് കാണുന്നു.

(v) CFL സപ്ലൈ ചെയ്യുന്നതിന് ടെണ്ടർ നൽകിയ ആൽഫ ഇലക്ട്രോണിക്സുമായി ചമച്ച ഉടമ്പടി പ്രകാരം (നമ്പർ 3/17 തീയതി 06.03.2017) സപ്ലൈ ചെയ്യുന്ന സാധനങ്ങൾക്ക് കേടുപാടുകൾ സംഭവിച്ചാൽ repair and replacement- ന് 15 മാസം വാറണ്ടി നൽകുന്നുണ്ട്. എന്നാൽ സെക്രട്ടറിയുടെ 14.08.2017/ലെ എ2/2577/17 നമ്പർ കത്ത് പ്രകാരം സ്ഥാപിച്ച LED ലൈറ്റുകളിൽ മിക്കവയും പ്രവർത്തന രഹിതമായതായി കാണിച്ച് ടി സ്ഥാപനത്തിന് അറിയിപ്പ് നൽകിയിട്ടുണ്ട്. ടി സ്ഥാപനം 10.03.2017 നാണ് 123 LED ലൈറ്റുകൾ സപ്ലൈ ചെയ്തത്. അതായത് 5 മാസങ്ങൾക്കുള്ളിൽ തന്നെ മിക്കവയും കേടു വന്നതായി കാണുന്നു. ഗുണനിലവാരം കുറഞ്ഞ ലൈറ്റുകൾ സപ്ലൈ ചെയ്തതിനും പ്രശ്നങ്ങൾ പരിഹരിക്കാത്തതിനും തുടർ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.

KSEB യുടെ ക്ലിയറൻസ്, അനുമതി ഇവ കൂടാതെയും സ്ട്രീറ്റ്ലൈറ്റ് രജിസ്റ്ററിൽ ഉൾപ്പെടാത്ത ഇലക്ട്രിക് പോസ്റ്റുകളിൽ LED ലൈറ്റ് സ്ഥാപിച്ചിരിക്കുന്നതിനാലും ചെലവിന്റെ അവ്യക്തത നിലനിൽക്കുന്നു. കേട് പറ്റിയ ലൈറ്റുകൾ സ്ഥാപിച്ചിട്ടില്ല. ആയതിനാൽ ചെലവ് തുക 248460/- രൂപ തടസ്സം വയ്ക്കുന്നു.

2.) *<u>സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് - നടപടി ക്രമങ്ങളിൽ വീഴ്ച – ചെലവ് തുക 86925/- രൂപ തടസ്സം വയ്ക്കുന്നു.</u>*

പ്രോജക്ട് നമ്പർ : SO 66/17

ഫണ്ടിനം : മെയിന്റനൻസ് ഫണ്ട്

അടങ്കൽ തുക : 86925/- രൂപ

ചെലവ് തുക : 86925/- രൂപ

ബിൽ നമ്പരും തീയതിയും : 07/16-17 തീയതി : 15.10.2017

2015-16 വർഷത്തെ പദ്ധതിയിൽ ഉൾപ്പെട്ട (പ്രോജക്ട് നമ്പർ SO 3/16) തെരുവ് വിളക്ക് അറ്റകുറ്റപ്പണിയുടെ ബാക്കി തുക നൽകുന്നതിനാണ് ടി പദ്ധതി ഉൾപ്പെടുത്തിയത്. ടി പദ്ധതി സ്പിൽ ഓവർ പ്രോജക്ടായി ഉൾപ്പെടുത്തുന്നതിന് പകരം പുതിയ പദ്ധതിയായി ചേർത്താണ് തുക നൽകിയിരിക്കുന്നത്. മാത്രവുമല്ല സ്പിൽ ഓവർ തുകയായി നൽകേണ്ടതിനേക്കാൾ അധിക തുക നൽകേണ്ടി വന്നു എന്ന് ഫയലിൽ രേഖപ്പെടുത്തിയിരിക്കുകയും ചെയ്തിരിക്കുന്നു. ടി തുക AIMS Energy Systems, നെടുമങ്ങാട് സ്ഥാപനത്തിനാണ് നൽകിയിരിക്കുന്നത്.

പുതിയ പ്രോജക്ട് വയ്ക്കുമ്പോൾ സ്വീകരിക്കേണ്ട നടപടി ക്രമങ്ങൾ ടി പദ്ധതിയിൽ

പാലിച്ചതായി കാണുന്നില്ല. ചെലവ് തുകയുടെ വിശദാംശങ്ങൾ പരിശോധിക്കുന്നതിന് SO 3/16 നമ്പർ ഫയൽ (2015-16) ഓഡിറ്റ് എൻക്വയറി നമ്പർ 30 തീയതി 18.09.2017 പ്രകാരം ആവശ്യപ്പെട്ടെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. മാത്രവുമല്ല തെരുവ് വിളക്ക് മെയിന്റനൻസ് നടത്തിയതായി പഞ്ചായത്ത് മെമ്പർമാർ സാക്ഷ്യപ്പെടുത്തിയിരിക്കുന്ന ഇലക്ട്രിക് പോസ്റ്റുകൾ മിക്കവയും പഞ്ചായത്ത് സ്ട്രീറ്റ്ലൈറ്റ് രജിസ്റ്ററിൽ ഉൾപ്പെട്ട് കാണുന്നുമില്ല. സ്ട്രീറ്റ് ലൈറ്റുകൾ സർവ്വേ നടത്തി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. ആയതിനാൽ ചെലവ് തുകയിൽ അവ്യക്തത നിലനിൽക്കുന്നു. മേൽ സാഹചര്യത്തിൽ ചെലവ് തുകയായ 86925/- രൂപ തടസ്സം വയ്ക്കുന്നു.

*3.) അംഗൻവാടികളുടെ വൈദ്യുതീകരണം - ചെലവ് തുക 215000/- രൂപ തടസ്സപ്പെടുത്തുന്നു.*

പ്രോജക്റ്റ് നമ്പർ : SO 056/17

അടങ്കൽ തുക : 215000/- രൂപ

ചെലവ് തുക : 215000/- രൂപ

ഫണ്ടിനം : മെയിന്റനൻസ് ഫണ്ട് (റോഡിതരം) തനത് ഫണ്ട്

ടി പദ്ധതി പ്രകാരം, എക്സ്കോളനി, മന്ദിരംമുക്ക് എന്നിവടങ്ങളിലെ അംഗൻവാടി കെട്ടിടങ്ങൾ വയറിംഗ് ചെയ്യുന്നതിനായി കേരള പോതുമരാമത്ത് (ഇലക്ട്രിക്കൽ) വകുപ്പ് നൽകിയ എസ്റ്റിമേറ്റ് പ്രകാരം 215000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ചെലവഴിച്ചതിന്റെ രേഖകളോ, പൂർത്തീകരണ സാക്ഷ്യപത്രമോ, ധനവിനിയോഗ സാക്ഷ്യപത്രമോ ഓഡിറ്റിനായി ഹാജരാക്കിയില്ല. ആകയാൽ ചെലവഴിക്കപ്പെട്ട 215000/- രൂപ തടസ്സപ്പെടുത്തുന്നു.

*4.) ആയുർവ്വേദ ആശുപത്രിയ്ക്ക് കുടിവെള്ള കണക്ഷൻ - സാക്ഷ്യപത്രങ്ങൾ ലഭ്യമാകാനുള്ള നടപടികൾ സ്വീകരിക്കണം.*

പ്രോജക്റ്റ് നമ്പർ : SO 058/17

അടങ്കൽ തുക : 40075/- രൂപ

ചെലവ് തുക : 36000/- രൂപ

ഫണ്ടിനം : മെയിന്റനൻസ് ഫണ്ട് (റോഡിതരം)

ടി പദ്ധതി പൂർത്തീകരണത്തിനായി 25.02.2017-ൽ 36000/- രൂപ കേരള ജല അതോറിറ്റിയുടെ A/c No.57047027629-ൽ ഒടുക്ക് വരുത്തിയിട്ടുണ്ട്. പൂർത്തീകരണ സാക്ഷ്യപത്രവും വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കിയിട്ടില്ല. സാക്ഷ്യപത്രങ്ങൾ ലഭ്യമാകാനുള്ള നടപടികൾ ഉടനടി സ്വീകരിക്കേണ്ടതാണ്.

*5.) ഭരതന്നൂർ പി.എച്ച്.സി മീറ്റിംഗ് ഹാൾ വയറിംഗ് - ചെലവ് തുക 149000/- രൂപ തടസ്സപ്പെടുത്തുന്നു.*

പ്രോജക്റ്റ് നമ്പർ : SO 059/17

അടങ്കൽ തുക : 149000/- രൂപ

ചെലവ് തുക : 149000/- രൂപ

ഫണ്ടിനം : മെയിന്റനൻസ് ഫണ്ട് (റോഡിതരം) തനത് ഫണ്ട്

ടി പദ്ധതിയുടെ നടത്തിപ്പ് രേഖകളും, ചെലവ് രേഖകളും ഓഡിറ്റിനായി ഹാജരാക്കിയിട്ടില്ല. ആകയാൽ ചെലവ് തുകയായ 149000/- രൂപ തടസ്സപ്പെടുത്തുന്നു.

*6.) <u>പഞ്ചായത്ത് ഓഫീസിൽ കുടിവെള്ള കണക്ഷൻ സ്ഥാപിക്കൽ - ബാക്കി തുക ലഭ്യമായിട്ടില്ല – നടപടികൾ സ്വീകരിക്കണം</u>*

പ്രോജക്ട് നമ്പർ : SO 052/17

അടങ്കൽ തുക : 22000/- രൂപ

ചെലവ് തുക : 22000/- രൂപ

ഫണ്ടിനം : വികസനഫണ്ട്

ടി പദ്ധതി നടത്തിപ്പിനായി 22000/- രൂപ 29.03.2016-ലെ DD No.315137 ലൂടെ കേരള ജല അതോറിറ്റിയ്ക്ക് കൈമാറുകയും പദ്ധതി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തിയുടെ ധനവിനിയോഗ സാക്ഷ്യപത്രം പ്രകാരം ബാക്കിയുള്ള തുകയായ 1195/- രൂപ തിരികെ ലഭ്യമായതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. ബാക്കി തുക ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

*7.) <u>സാമൂഹ്യ സുരക്ഷാ മിഷന് വിഹിതം - ചെലവ് തുകയായ 100000/- രൂപ തടസ്സപ്പെടുത്തുന്നു.</u>*

പ്രോജക്ട് നമ്പർ : SO 060/17

അടങ്കൽ തുക : 100000/- രൂപ

ചെലവ് തുക : 100000/- രൂപ

ഫണ്ടിനം : വികസനഫണ്ട്

സർക്കാർ ഉത്തരവ് നമ്പർ 2983/2014 ത.സ്വ.ഭ.വ തീയതി 17.11.2014 പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സാമൂഹ്യ സുരക്ഷാ മിഷന് നൽകേണ്ടതായ 10000/- രൂപ കൈമാറിയിട്ടുണ്ട്. കൈമാറിയതിന്റെയും കൈപ്പറ്റിയതിന്റെയും രേഖകൾ ലഭ്യമാക്കിയില്ല. ആകയാൽ ചെലവ് തുക 100000/- തടസ്സപ്പെടുത്തുന്നു.

*8.) <u>പഞ്ചായത്ത് മീറ്റിംഗ് ഹാൾ വയറിംഗ് - ചെലവ് തുകയായ 117000/- രൂപ തടസ്സപ്പെടുത്തുന്നു.</u>*

പ്രോജക്ട് നമ്പർ : SO 061/17

അടങ്കൽ തുക : 130000/- രൂപ

ചെലവ് തുക : 1170000/- രൂപ

ഫണ്ടിനം : തനത്ഫണ്ട്

കേരള പോതുമരാമത്ത് (ഇലക്ട്രിക്കൽ ) വകുപ്പിന്റെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ഡെപ്പോസിറ്റ് പ്രവൃത്തിയ്ക്കായി വകുപ്പിന് ചെലവ് തുക കൈമാറിയിട്ടുണ്ട്. കൈമാറിയതിന്റെ രേഖകളും, ധനവിനിയോഗ സാക്ഷ്യപത്രം തുടങ്ങിയവ ഓഡിറ്റിനായി ലഭ്യമാക്കിയില്ല. ആകയാൽ ചെലവ് തുക 1170000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു. ക്രമ നമ്പർ 3 മുതൽ 8 വരെയുള്ള ഖണ്ഡിക പരാമർശങ്ങൾക്കുമേൽ 18/09/2017-ൽ നൽകിയ ഓഡിറ്റ് അന്വേഷണം 33 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-3 മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നടപ്പാക്കിയ പദ്ധതികളിലെ അപാകങ്ങൾ

*1.) ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ ലഭ്യമാക്കിയില്ല – ചെലവ് തുക 200000/- രൂപ തടസ്സം വയ്ക്കുന്നു.*

പ്രോജക്ട് നമ്പർ : SO 72/17

അടങ്കൽ തുക : 200000/- രൂപ

ചെലവ് തുക : 200000/- രൂപ

ഫണ്ടിനം : മെയിന്റനൻസ് ഫണ്ട് (റോഡിതരം)

ബിൽ നമ്പർ : 04/16-17 തീയതി 31.01.17

മരുന്ന് വാങ്ങുന്നതിന് മുന്നോടിയായി ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് നേടിയിട്ടില്ല. മരുന്നുകൾ വാങ്ങുന്നതിനായി 200000/- രൂപ Kerala State Homeopathic Co-Operative Pharmacy Ltd (HOMCO) എന്ന സ്ഥാപനത്തിന് കൈമാറുകയും ടി തുക HOMCO മാനേജിംഗ് ഡയറക്ടർ 27.02.2017-ൽ കൈപ്പറ്റിയതായി രസീത് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെ മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല.

തുക ചെലവഴിച്ചെങ്കിലും മരുന്നുകൾ ലഭ്യമാകാത്ത സാഹചര്യത്തിൽ ചെലവ് തുക തടസ്സം വയ്ക്കുന്നു.

*2) ആയുർവ്വേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ ലഭ്യമാക്കിയില്ല – 193379/-രൂപ തടസ്സം വയ്ക്കുന്നു.*

പ്രോജക്ട് നമ്പർ : SO 73/17

അടങ്കൽ തുക : 800000/- രൂപ

ചെലവ് തുക : 800000/- രൂപ

ഫണ്ടിനം : മെയിന്റനൻസ് ഫണ്ട് (റോഡിതരം)

ബിൽ നമ്പർ : 03/16-17 തീയതി 31.01.17

ടി പദ്ധതി പ്രകാരം പാങ്ങോട് ഗവ.ആയുർവ്വേദ ഡിസ്പെൻസറിക്ക് മരുന്ന വാങ്ങുന്നതിനായി 800000/- രൂപ ഔഷധി ഫാർമസ്യൂട്ടിക്കൽസ് കോർപ്പറേഷൻ, കുട്ടനല്ലൂർ, തൃശ്ശൂർ എന്ന സ്ഥാപനത്തിന് നൽകിയതായും ടി തുക 13.02.2017-ൽ ഫാർമസ്യൂട്ടിക്കൽസ് മാനേജർ കൈപ്പറ്റി രസീത് നൽകിയതായും കാണുന്നു. എന്നാൽ നാളിതുവരെ 606621/- രൂപയുടെ മരുന്നുകൾ മാത്രമേ നൽകിയിട്ടുള്ളൂ. മാത്രവുമല്ല മരുന്ന് വാങ്ങുന്നതുമായി ബന്ധപ്പെട്ട് ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവയ്ബലിറ്റി സർട്ടിഫിക്കറ്റ് നേടിയതായും കാണുന്നില്ല. 193379/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കാത്ത സാഹചര്യത്തിൽ ടി തുക തടസ്സം വയ്ക്കുന്നു.

*3.) <u>വൃദ്ധർ, അംഗപരിമിതർ ഉടങ്ങിയവരുടെ പരിപാലനം - മരുന്നുകൾ ലഭ്യമാക്കിയില്ല - ചെലവ് തുക 222375/- രൂപ തടസ്സം വയ്ക്കുന്നു.</u>*

പ്രോജക്ട് നമ്പർ : SO 70/17

അടങ്കൽ തുക : 700000/- രൂപ

ചെലവ് തുക : 672484/- രൂപ

ഫണ്ടിനം : വികസനഫണ്ട്

ബിൽ നമ്പർ : 02/16-17 തീയതി 31.01.17

ടി പദ്ധതി പ്രകാരം 662284/- രൂപയുടെ അലോപ്പതി മരുന്നുകൾ വാങ്ങുന്നതിന് ലക്ഷ്യമിടുകയും ടി തുക തിരുവനന്തപുരം മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ നൽകുകയും തുക 23.02.2017-ൽ കൈപ്പറ്റി രസീത് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെ 439909/- രൂപയുടെ മരുന്നുകൾ മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ. മാത്രവുമല്ല ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവയ്ബിലിറ്റി സർട്ടിഫിക്കറ്റ് നേടിയ ശേഷമല്ല മരുന്നുകൾ വാങ്ങിയിരിക്കുന്നത് എന്നും കാണുന്നു. 2222375/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കാത്തതിനാൽ ടി തുക തടസ്സം വയ്ക്കുന്നു.

*4.) <u>പാലിയേറ്റീവ് കെയർ - മരുന്നുകൾ ലഭ്യമാക്കിയില്ല – 263726/- രൂപ തടസ്സം വയ്ക്കുന്നു.</u>*

പ്രോജക്ട് നമ്പർ : SO 71/17

അടങ്കൽ തുക : 800000/- രൂപ

ചെലവ് തുക : 676330/- രൂപ

ഫണ്ടിനം : വികസനഫണ്ട് -700000, തനത് ഫണ്ട് - 100000

ബിൽ നമ്പർ : 01/16-17 തീയതി 31.01.17 , 584580/- രൂപ

: 05/16-17 തീയതി 31.01.17, 91750/- രൂപ

ടി പദ്ധതി പ്രകാരം 401000/- രൂപയ്ക്ക് മരുന്ന് വാങ്ങുന്നതിന് ലക്ഷ്യമിട്ടുകയും ടി തുക മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് കൈമാറുകയും ചെയ്തു, എന്നാൽ നാളിതുവരെ 137274/- രൂപയുടെ മരുന്നുകൾ മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ. മാത്രവുമല്ല ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നും നോൺ അവയ്ബലിറ്റി സർട്ടിഫിക്കറ്റ് നേടിയ ശേഷമല്ല മരുന്നുകൾ വാങ്ങിയതെന്നും കാണുന്നു. 263726/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കാത്തതിനാൽ ടി തുക തടസ്സം വയ്ക്കുന്നു.

മുകളിൽ പറഞ്ഞിരിക്കുന്ന അപാകങ്ങൾ ഓഡിറ്റ് അന്വേഷണം നമ്പർ 24 പ്രകാരം മെഡിക്കൽ ഓഫീസറുടെ (പി.എച്ച്.സി) ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ളതാണ്. ബാക്കി ലഭ്യമാകാനുള്ള മരുന്നുകൾ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതും നടപടിക്രമങ്ങൾ പാലിച്ച് മരുന്നുകൾ വാങ്ങുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്.

## 3-4 എക്സ്പെൻഡിച്ചർ സ്റ്റേറ്റുമെന്റിൽ വരാതെ ചെലവുകൾ

യഥാർത്ഥത്തിൽ നടന്നിട്ടുള്ള തനതുഫണ്ടിൽ നിന്നുള്ള ചെലവുകൾ സുലേഖ സോഫ്റ്റ് വെയർ പ്രകാരമുള്ള എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് നം./പേര് | ഫണ്ടിനം | തുക | റിമാർക്സ് |
|---|---|---|---|---|
| 1 | 149/16-17<br>തെരുവു നായ്ക്കളുടെ നിയന്ത്രണം എ.ബി.സി പദ്ധതി | തനത് ഫണ്ട് | 100000 | യഥാർത്ഥത്തിൽ ചെലവ് നടന്നിട്ടുണ്ട്. സുലേഖ സോഫ്റ്റ് വെയർ പ്രകാരമുള്ള എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല. |
| 2 | 74/16-17<br>സ്റ്റുഡന്റ് പോലീസിന് സഹായം | തനത് ഫണ്ട് | 50000 | യഥാർത്ഥത്തിൽ ചെലവ് നടന്നിട്ടുണ്ട്. സുലേഖ സോഫ്റ്റ് വെയർ പ്രകാരമുള്ള എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല. |
| 3 | 38/16-17<br>പാങ്ങോട് പൊതു | തനത് ഫണ്ട് | 40000 | യഥാർത്ഥത്തിൽ ചെലവ് നടന്നിട്ടുണ്ട്. സുലേഖ സോഫ്റ്റ് |

| | | | | |
|---|---|---|---|---|
| | മാർക്കറ്റ് കംഫർട്ട് സ്റ്റേഷൻ നവീകരണം | | | വെയർ പ്രകാരമുള്ള എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല. |

ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. എല്ലാ ചെലവുകളും എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, ധനകാര്യപത്രിക എന്നിവയിൽ ഉൾപ്പെടുന്നു ഉറപ്പു വരുത്തേണ്ടാതണ്.

## 3-5 ഭരതന്നൂർ എൽ.പി.എസിലേക്ക് ഫർണിച്ചർ വാങ്ങൽ- സർക്കാർ നിർദ്ദേശം പാലിച്ചില്ല

പ്രോജക്ട് നം. - SO75/17

പേര് - ഭരതന്നൂർ എൽ.പി. എസ് ഓഡിറ്റോറിയത്തിലേക്ക് ഫർണിച്ചർ വാങ്ങൽ

അടങ്കൽ - മെയിന്റനൻസ് ഫണ്ട് 50000/-

bill No-520/0490/64Lsg allottment 16-17/30.1.17- 49750/-

സ.ഉ സാധാ നം 3299/2016/തസ്വഭവ തീ. 21.12.16പ്രകാരം ടെണ്ടർ ഒഴിവാക്കി വാങ്ങുന്ന സാധനസാമഗ്രികൾ സർക്കാർ, അർദ്ധസർക്കാർ, ഗവ. അംഗീകൃതസ്ഥാപനങ്ങ്ളിൽ സ്വയം നിർമ്മിക്കുന്നവയ്ക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. അല്ലാത്തവ നിർബന്ധമായും പരസ്യ ടെണ്ടർ മുഖേന വാങ്ങണമെന്ന് പ്രസ്തുത ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഫയൽ പരിശോധിച്ചതിൽ സിഡ്‌ക്കോ സ്വയം നിർമ്മിക്കാത്ത നീൽകമലിന്റെ പ്ളാസ്റ്റിക് ആം ചെയർ 79 എണ്ണം 49750/ രൂപയ്ക്ക് പ്രസ്തുത സ്ഥാപനത്തിൽ നിന്ന് വാങ്ങിയിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 16ന് ലഭ്യമാക്കിയ മറുപടിയിൽ സിഡ്‌ക്കോ നേരിട്ട് നിർമ്മിക്കാത്തവ ക്വട്ടേഷൻ ക്ഷണിച്ച് ലോവർ ക്വട്ടേഷൻ മുഖേന വാങ്ങി നൽകാൻ ഉത്തരവുള്ളതായി അറിയാൻ കഴിഞ്ഞു എന്നാണ് അറിയിച്ചിരിക്കുന്നത്. എന്നാൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കിയിട്ടില്ല. സർക്കാർ, അർദ്ധസർക്കാർസ്ഥാപനങ്ങൾ സ്വന്തമായി നിർമ്മിക്കാത്ത സാധനങ്ങൾ സ്വകാര്യ സംരംഭകരിൽ നിന്ന് വാങ്ങി നൽകുന്ന ഇടനിലക്കാരായി പ്രവർത്തിക്കുന്നുവെന്ന് കണ്ടതിനാലാണ് മേൽപ്രകാരമുള്ള ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളത് എന്നതിനാൽ പ്രസ്തുത മറുപടി സ്വീകാര്യമല്ല. സർക്കാർ നിർദ്ദേശത്തിനനുസൃതമായി മാത്രം സാധനങ്ങൾ സമാഹരിക്കുന്നതിന് ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 3-6 അഡ്വാൻസുകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നു

വൗച്ചർ നമ്പർ 51600324/7/16 പ്രകാരം ടെമ്പററി അഡ്വാൻസായി 3000/- രൂപ കില ട്രയിനിംഗിന് പോകുന്നതിനായി വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, മൂന്ന് മെമ്പർമാർ

എന്നിവർക്ക് നൽകിയിട്ടുണ്ട്. എന്നാൽ നാളിതു വരെ പ്രസ്തുത തുക ക്രമീകരിച്ചിട്ടില്ല. കേരള ഫിനാൻസ് കോഡ്, കാലാകാലങ്ങളിൽ മുൻകൂറുകൾ ക്രമീകരിക്കുന്നതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ എന്നിവയെ അടിസ്ഥാനമാക്കി അടിയന്തിരമായി മുൻകൂറുകൾ ക്രമീകരിക്കേണ്ടതാണ്.അല്ലാത്ത പക്ഷം മുൻകൂറുകൾ 18% പിഴപലിശ സഹിതം ഉത്തരവാദികളിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 3-7 കാലാവധി കഴിഞ്ഞ ചെക്ക്- തനത് ഫണ്ടിലേക്ക് മുതൽകൂട്ടേണ്ടതാണ്.

വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയിൽ സ്റ്റെയിൽ ചെക്ക് ഇനത്തിൽ 2140/- രൂപ അവശേഷിക്കുന്നുണ്ട്.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 15 ന് ലഭ്യമാക്കിയ മറുപടിയിൽ 5.02.15 ലെ ചെക്ക് നമ്പർ 282623 പ്രകാരം 2000/- രൂപ വികലാംഗ ദിനാഘോഷവുമായി ബന്ധപ്പെട്ട് ഡിസ്ട്രിക്ട് സോഷ്യൽ ജസ്റ്റിസ് ആഫീസർക്ക് നൽകിയതാണെന്നും 140/- രൂപ 24.05.2016- ൽ ജഹാംഗീർ എന്നയാൾക്ക് 'ചിയാക്' പ്രകാരം നൽകിയതാണെന്നും അറിയിച്ചിട്ടുണ്ട്. പ്രസ്തുത ചെക്കുകളുടെ കാലാവധി കഴിഞ്ഞതിനാൽ മേൽതുക തനത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-8 ഗുണഭോക്തൃ വിഹിതം-44000/- രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു

വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയിൽ ഗുണഭോക്തൃ വിഹിതമിനത്തിൽ 44000/-രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി15 ന് ലഭ്യമാക്കിയ മറുപടിയിൽ മേൽതുക 2013-14 മുതൽ അക്കൗണ്ടിൽ നിലവിലുള്ളതാണെന്ന് അറിയിച്ചിട്ടുണ്ട്. ഒരു പദ്ധതിക്കായി ഗുണഭോക്താക്കളിൽ നിന്നും പിരിച്ചെടുത്ത തുക പ്രസ്തുത പദ്ധതിക്കായി ചെലവഴിക്കാതെ ഇപ്രകാരം തനത് ഫണ്ടിൽ സൂക്ഷിക്കുന്നതി ശരിയായ നടപടിയല്ല. കൂടാതെ ഫണ്ടുകളുടെ വിനിയോഗെ സംബന്ധിച്ച സർക്കാർ നിർദ്ദേഷത്തിനും വിരുദ്ധമാണ്. ആയതിനാൽ തനത് ഫണ്ടിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന 44000/- രൂപ സംബന്ധിച്ച് ഉചിതമായ തീരുമാനം കൈകൊള്ളുന്നതിന് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-9 പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വാങ്ങൽ- മാർഗ്ഗരേഖ പാലിച്ചില്ല

പ്രോജക്ട് നമ്പർ - SO091/17

പേര് - പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വാങ്ങൽ

പദ്ധതി അടങ്കൽ - വികസന ഫണ്ട് 70000/-

ബിൽ നമ്പർ - SO091/17 ഫർണിച്ചർ /31.3.17 58140/-

നിർവ്വഹണ ഉദ്യോഗസ്ഥ- അസിസ്റ്റന്റ് സെക്രട്ടറി

പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വാങ്ങി നൽകുന്നതിലേക്കായി വിഭാവനം ചെയ്തിരുന്ന പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ഫർണിച്ചർ വാങ്ങുന്നതിന് ടെണ്ടർ ക്ഷണിച്ചതിൽ മേശ, കസേര എന്നിവയുടെ സ്പെസിഫിക്കേഷൻ പരാമർശിക്കാത്തതിനാൽ ടെണ്ടറിന് ഏകീകൃത സ്വഭാവമില്ല.

2. ജി.ഒ.(എം.എസ്) 4/16 തസ്വ.ഭ.വ തീയതി 11.1.16 പ്രകാരം മേൽപദ്ധതികൾ നടപ്പാക്കുമ്പോൾ ഫർണിച്ചർ വാങ്ങി സ്കൂൾ അധികൃതർ മുഖേനെയാണ് വിതരണം നടത്തേണ്ടത് . എന്നാൽ ഫയൽ പരിശോധനയിൽ അസിസ്റ്റന്റ് സെക്രട്ടറി നേരിട്ടാണ് ഫർണിച്ചർ വിതരണം നടത്തിയിരിക്കുന്നത്.

3. മിഥുന എം.എസ്, കുന്നുകുഴി കരിക്കകം, കിഴക്കുംകര പുത്തൻ വീട്, അഞ്ചാനക്കുഴിക്കര, മൈലമൂട് .,ശില്പ.എസ്.റ്റി, ശില്പ വിലാസം, കക്കോട്ടുകുന്ന, പാലോട് ., സ്നേഹ.ബി.എസ്. ശ്രുതി ഭവൻ ചൂടൽ, മൺപുറം എന്നീ ഗുണഭോക്താക്കളുടെ അപേക്ഷയിൽ സ്കൂൾ അധികാരിയുടെ സാക്ഷ്യപ്പെടുത്തലില്ല. മിഥുന എം.എസ് എന്ന ഗുണഭോക്താവിന്റെ അപേക്ഷയോടൊപ്പം എസ്.എസ്.എൽ.സി 2016 ലെ റിസൾട്ട് (മാർച്ച് 2016) ആണ് ലഭ്യമാക്കിയിരിക്കുന്നത്.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം 21 ന് ലഭ്യമാക്കിയ മറുപടിയിൽ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് മറുപടിയിൽ പദ്ധതി നിർവ്വഹണം നടത്തിയതുമായി ബന്ധപ്പെട്ട് മാർഗ്ഗരേഖ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെടാതെ പോയതാണെന്ന് അറിയിച്ചിട്ടുണ്ട്. ഭാവിയിൽ പദ്ധതികൾ നടപ്പാക്കുമ്പോൾ മാർഗ്ഗരേഖക്കനുസൃതമായി നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-10 തെരുവ് നായ്ക്കളുടെ നിയന്ത്രണം- എ.ബി.സി പദ്ധതി നടപ്പാക്കിയിട്ടില്ല

പ്രോജക്ട് - എസ്.ഒ149/17

- തെരുവ് നായ്ക്കളുടെ നിയന്ത്രണം- എ.ബി.സി പദ്ധതി

അടങ്കൽ - തനത് ഫണ്ട് 100000/-

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്റിനറി സർജൻ

തെരുവ് നായ്ക്കളുടെ നിയന്ത്രണത്തിനായി പഞ്ചായത്ത് വിഹിതം ജില്ലാ പഞ്ചായത്തിന് കൈമാറുന്നതിന് വിഭാവനം ചെയ്തിരുന്ന പദ്ധതിയിൽ ചെക്ക് നമ്പർ 8496529/13.03.2017 പ്രകാരം 100000/- രൂപ തനത് ഫണ്ടിൽ നിന്നും മാറി വെറ്റിനറി സർജന് നൽകിയിട്ടുണ്ട്.എന്നാൽ ചെലവ് സംബന്ധിച്ച വിവരം ഫയലിൽ ലഭ്യമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 22 ന് ലഭ്യമാക്കിയ മറുപടിയിൽ പാലോട് മൃഗാശുപത്രിയിൽ എ.ബി.സി പദ്ധതി നടപ്പാക്കുന്നതിന് തയ്യാറാണെന്ന് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചതിന്റെ അടിസ്ഥാനത്തിലാണ് തുക പിൻവലിച്ചതെന്നും എന്നാൽ വിവിധ കാരണങ്ങളാൽ പദ്ധതി

നടപ്പിലാക്കാൻ കഴിഞ്ഞില്ല എന്നും അതിനാൽ തുക തിരികെ തനതു ഫണ്ടിലേക്ക് അടവാക്കിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ജി.ഒ.പി 119/2015 ധന. തീയതി 21.03.2015 പ്രകാരം ഭാവിയിൽ ചെലവ് വരുമെന്ന് നിഗമനത്തിൽ തുക മുൻകൂറായി പിൻവലിക്കാൻ പാടില്ലായെന്നിരിക്കെ ഇപ്രകാരം തനത് ഫണ്ടിൽ നിന്നും തുക പിൻവലിച്ചത് അംഗീകരിക്കാവുന്നതല്ല. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്.

## 3-11 പ്രൊവിഷൻ രേഖപ്പെടുത്താതെ മുൻവർഷചെലവുകൾ തൻവർഷം ചെലവഴിച്ചത്.

വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയിൽ കഴിഞ്ഞ സാമ്പത്തിക വർഷത്തെ അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾ കഴിഞ്ഞ വർഷാന്ത്യത്തിൽ പ്രൊവിഷൻ രേഖപ്പെടുത്താതെ തൻവർഷം ചെലവ് ചെയ്തിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നമ്പർ | ചെക്ക് നമ്പർ | ഇനം | തുക |
|---|---|---|---|---|
| 1 | 51600027 | 461958/5.4.16 | പാങ്ങോട് മൃഗാശുപത്രി കെട്ടിടത്തിന്റെ2016 ജനുവരി മുതൽ2016 മാർച്ച് വരെയുള്ള കറണ്ട് ബിൽ | 1490 |
| 2 | 5160030 | 46196/6.4.16 | കാക്കാണിക്കര അംഗൻവാടി കെട്ടിടത്തിന്റെ 2015 ഒക്ടോബർമുതൽ 2016 ഫെബ്രുവരി വരെയുള്ള കറന്റ് ബിൽ | 205 |
| 3 | 51600037 | 495028/8.4.16 | ഹോമിയോ ആശുപത്രിയുടെ 2016 മാർച്ച് മാസത്തിലെ വാടക | 3799 |
| 4 | 51600039 | 495030/8.4.16 | പാങ്ങോട് എൽ.പി.എസ് 2016 സെപ്റ്റംബർ മുതൽ 2015 നവംബർ വരെയുള്ള കറന്റ് ബിൽ | 4654 |
| 5 | 51600038 | 495029/8.4.16 | കൃഷിഭവന്റെ 2016 ജനുവരി, | 1473 |

| | | | | |
|---|---|---|---|---|
| | | | ഫെബ്രുവരി മാസങ്ങളിലെ ടെലഫോൺ ബിൽ | |

പ്രൊവിഷൻ രേഖപ്പെടുത്തി മാത്രം മുൻവർഷത്തെ അഡ്മിൻ /എസ്റ്റാ ചെലവുകൾ തൻവർഷം ചെലവഴിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-12 പ്രൊക്യൂർമെന്റ് ചട്ടങ്ങൾ പാലിക്കുന്നില്ല

പ്രൊക്യൂർമെന്റ് മാന്വൽ 2016 പ്രകാരം വാർഷിക പ്രൊക്യൂർമെന്റ് പ്ലാൻ തയ്യാറാക്കുന്നതിലേക്കായി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പ്രൊക്യൂർമെന്റ് പ്ലാൻ കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. എന്നാൽ അപ്രകാരമുള്ള കമ്മിറ്റി 2016-17 ൽ പഞ്ചായത്തിൽ രൂപീകരിച്ചിട്ടില്ല. പ്രൊക്യൂർമെന്റ് പ്ലാൻ കമ്മിറ്റിയുടെ സബ്കമ്മിറ്റിയായ പ്രൊക്യൂർമെന്റ് കമ്മിറ്റി മാത്രമാണ് ചേർന്നിട്ടുള്ളത്. പശു, ആട് തുടങ്ങിയവയെ വാങ്ങുന്ന പദ്ധതികൾ രൂപീകരിക്കുമ്പോൾ ഗുണഭോക്തൃ പർച്ചേയ്സ് കമ്മിറ്റി നിർബന്ധമായും രൂപീകരിക്കേണ്ടതാണ്. എന്നാൽ വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി ഇപ്രകാരമുള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെങ്കിലും ഗുണഭോക്തൃ പർച്ചേയ്സ് കമ്മിറ്റി രൂപീകരിച്ചിട്ടില്ല. വാങ്ങേണ്ടുന്ന സാധനങ്ങളുടെ ഇനം, സ്പെസിഫിക്കേഷൻ എന്നിവ തീരുമാനിച്ചതിന് ശേഷമാണ് വാങ്ങൽ നടത്തേണ്ടതെങ്കിലും എല്ലാ വാങ്ങലുകളിലും അപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി 25 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സാധനങ്ങളും സേവനങ്ങളും സമാഹരിക്കുമ്പോൾ പ്രൊക്യൂർമെന്റ് ചട്ടങ്ങൾ പാലിക്കുന്നുവേന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 3-13 ഗവൺമെന്റിലേക്ക് ഒടുക്കുവാനുള്ള തുകകൾ അടവാക്കിയിട്ടില്ല.

വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ B-9 Schedule-ൽ താഴെപ്പറയുന്ന ഇനങ്ങൾ സർക്കാരിലേക്ക് അടവാക്കിയിട്ടില്ലാത്തതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

Recoveries Payable VAT : 12355

ലൈബ്രറി സെസ്സ് : 119500

റോയൽ റ്റി : 785

Government and other Dues Payable - Value added tax : 29239

മേൽ തുകകൾ സർക്കാരിലേക്ക് അടവാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 3-14 ജൈവവൈവിധ്യ മാനേജ്മെന്റ് കമ്മിറ്റികൾ - രൂപീകരിച്ചിട്ടില്ല

2008-ലെ കേരള ജൈവവൈവിധ്യ ചട്ടങ്ങൾ പ്രകാരം ഓരോ ഗ്രാമപഞ്ചായത്തിലും, നഗരസഭകളിലും ജൈവവൈവിധ്യ മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിക്കണമെന്നും (ചട്ടം 20)

ആയതിന്റെ ഘടന, അംഗങ്ങൾ, ചുമതലകൾ, പ്രവർത്തനങ്ങൾ തുടങ്ങിയവ ഏതെല്ലാം തരത്തിലാകണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ അപ്രകാരമുള്ള ജൈവവൈവിധ്യ മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിച്ചിട്ടില്ല. 2008-ലെ കേരള ജൈവ വൈവിധ്യ ചട്ടങ്ങൾ പ്രകാരമുള്ള കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തനക്ഷമമാക്കേണ്ടതാണ്.

## 3-15 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - അവലോകനം

*I രജിസ്ട്രേഷനും തൊഴിൽ നൽകലും*

| ആകെ കുടുംബങ്ങളുടെ എണ്ണം | തൊഴിലിന് രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | തൊഴിൽ കാർഡ് ലഭിച്ച കുടുംബങ്ങൾ | തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങൾ | 100 ദിവസം തൊഴിൽ ലഭിച്ച കുടുംബങ്ങൾ |
|---|---|---|---|---|
| ലഭ്യമല്ല | 3257 | 6122 | 3527 | 51 |

*II വിഭാവനം ചെയ്തതും യഥാർത്ഥത്തിൽ നിർവ്വഹിക്കപ്പെട്ടതുമായ പദ്ധതികളുടെ വിശദാംശങ്ങൾ*

| ഏറ്റെടുത്ത പദ്ധതികളുടെ എണ്ണം | വിഭാവനം ചെയ്ത തൊഴിൽ ദിനങ്ങൾ | നിർവ്വഹിച്ച പദ്ധതികൾ | നൽകിയ തൊഴിൽ ദിനങ്ങൾ | ലഭിച്ച തുക (രൂപ) | ചെലവ് തുക (രൂപ) |
|---|---|---|---|---|---|
| 357 | 196310 | 341 | 135820 | 4367000 | 40238000 |

*III ഫണ്ട് ലഭിച്ചതും വിനിയോഗിച്ചതും*

| മുന്നിരിപ്പ് | തൻവർഷം വരവ് | പലിശ | ആകെ വരവ് | ആകെ ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| 1466 | 1010174 | 323 | 1011963 | 1006174 | 5789 |

*IV നിർവ്വഹിച്ച പദ്ധതികൾ തരം തിരിച്ച്*

ഭൂവികസനം : 90

ഭവനനിർമ്മാണം : 157

മഴത്താവളം : 15

തോട് സംരക്ഷണം : 79

V ഓഡിറ്റ് നിരീക്ഷണങ്ങൾ

(i) 3527 കുടുംബങ്ങൾ തൊഴിൽ ആവശ്യപ്പെട്ടെങ്കിലും 51 കുടുംബങ്ങൾക്ക് മാത്രമേ 100 തൊഴിൽ

ദിനങ്ങൾ നൽകുന്നതിന് സാധിച്ചിട്ടുള്ളൂ.

(ii) ആസ്തികൾ സൃഷ്ടിക്കുന്നതിനുള്ള പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടില്ല.

(iii) BPL/SC വിഭാഗത്തിൽപ്പെട്ടവരുടെ കൃഷിഭൂമി കൃഷിക്ക് അനുയോജ്യമാക്കുന്നതിന് 90പ്രവൃത്തികൾ ഏറ്റെടുത്തതായും 21939750/- രൂപ ചെലവഴിച്ചതായും കാണുന്നു. ആകെ നിർവ്വഹിച്ച 341 പ്രവൃത്തികളിൽ ഈ ഇനത്തിൽപ്പെട്ട 90 പ്രവൃത്തികൾക്ക് ആകെ ചെലവ് തുകയുടെ 54.52% തുക ചെലവഴിച്ചതായി കാണുന്നു.

## 3-16 ഇ-ടെണ്ടർ മുഖേനയുള്ള മരാമത്ത് പ്രവൃത്തികൾ ഫോറം വിലയും നികുതിയും പഞ്ചായത്ത് ഫണ്ടിൽ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കണം

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായുള്ള മരാമത്ത് പ്രവൃത്തികൾ ഇ-ടെണ്ടർ നടപ്പിലാക്കുമ്പോൾ ഫോറവിലയും, നികുതിയും ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിലാണ് നിക്ഷേപിക്കുന്നത്. 2016-17 സാമ്പത്തിക വർഷത്തിൽ 16 പ്രവൃത്തികൾ ഇ-ടെണ്ടറിലൂടെ നടപ്പിലാക്കിയിട്ടുണ്ട്. ഇതിലൂടെ 33810/- രൂപ പഞ്ചായത്തിന് ലഭ്യമാക്കേണ്ടതുണ്ട്. ഈ തുക പഞ്ചായത്ത് ഫണ്ടിലെത്തിക്കാനുള്ള നടപടി സ്വീകരിക്കുന്നതിനോടൊപ്പം പഞ്ചായത്തിന് നാളിതുവരെയായി ഇ-ടെണ്ടർ മുഖേനയുള്ള പ്രവൃത്തികളിൽ നിന്നും ലഭിക്കേണ്ടതായ തുക ലഭിച്ചിട്ടുണ്ടോയെന്നുള്ള പരിശോധനയും തുടർനടപടികളും എഞ്ചിനീയറിംഗ് വിഭാഗം നടത്തേണ്ടതാണ്.

## 3-17 കേരള സംസ്ഥാന കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതത്തിലെ പഞ്ചായത്ത് വിഹിതം ഈടാക്കുവാൻ ശ്രദ്ധ നൽകണം

1996-ലെ കേരള ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴേസ് വെൽഫയർ സെസ്സ് നിയമത്തിലെ വകുപ്പ് 3 (3) പ്രകാരം കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിക്കുന്ന തുകയുടെ ഒരു ശതമാനം പിരിച്ചെടുത്ത് തനത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്. ഓഡിറ്റ് സാമ്പത്തിക വർഷത്തിൽ വിവിധ പദ്ധതികളിലൂടെ 111229/- രൂപ കെട്ടിട നിർമ്മാണ ക്ഷേമനിധിയിലേക്ക് ഒടുക്കു വരുത്തിയിട്ടുണ്ട്. എന്നാൽ ടി തുകയുടെ 1 % ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടില്ല. ആകയാൽ പഞ്ചായത്ത് വിഹിതം തിരിച്ച് നൽകുന്നതിന് കെട്ടിട നിർമ്മാണ ക്ഷേമനിധിയുമായി കത്തിടപാടുകളിലൂടെ ബന്ധപ്പെടുന്നതിനും ഭാവിയിൽ പഞ്ചായത്തിന് ലഭിക്കേണ്ടതായ വിഹിതം ഉറപ്പാക്കുന്നതിനും എഞ്ചിനീയറിംഗ് വിഭാഗം ശ്രദ്ധ നൽകണം.

## 3 -18 റോഡ് കണക്റ്റിവിറ്റി മേപ്പ് തയ്യാറാക്കിയിട്ടില്ല.

2016-17വാർഷിക പദ്ധതി മാർഗ്ഗരേഖ സ.ഉ.എം.എസ് 4/16 /തസ്വഭവ/11.01.2016/

11.5(1)& 11.5(iii)പ്രകാരം ഓരോ തദ്ദേശഭരണ സ്ഥാപനങ്ങളും റോഡ് കണക്ടിവിറ്റി മേപ്പും പ്ലാനും നിർബന്ധമായും തയ്യാറാക്കുകയും റോഡ് നിർമ്മാണ പ്രോജക്ടിനോടൊപ്പം റോഡ് കണക്ടിവിറ്റി മേപ്പിൽ പ്രോജക്ടിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും നിർദേശമുണ്ട്. പ്രസ്തുത നിർദേശവും പാലിച്ചിട്ടില്ല. സർക്കാരിന്റെ നിർദ്ദേശം പാലിക്കാൻ ഭരണസമിതിയും നിർവഹണോദ്യോഗസ്ഥനും ശ്രദ്ധിക്കേണ്ടതാണ്.

## 3-19 അംഗനവാടികളിലൂടെ ഗ്യാസ് കണക്ഷന് സബ്സിഡി - ലഭ്യമാകാതിരിക്കാൻ നടപടികൾ സ്വീകരിക്കണം

ഗ്രാമപഞ്ചായത്തിലെ 32 അംഗനവാടികളിൽ 7 അംഗനവാടികൾക്ക് കേന്ദ്രഗവൺമെന്റ് ഗ്യാസ് സബ്സിഡി ലഭ്യമാകുന്നുണ്ട്. ഗാർഹിക ആവശ്യത്തിന് ചെലവഴിക്കുന്ന ഗ്യാസിന് ലഭിക്കുന്ന സബ്സിഡി അംഗനവാടികൾക്ക് ലഭിക്കുവാൻ പാടുള്ളതല്ല. 2014-15 സാമ്പത്തിക വർഷത്തിൽ ഗ്യാസ് കണക്ഷൻ ലഭ്യമായ 7 അംഗനവാടികളുടെ അക്കൗണ്ടിൽ ലഭ്യമായിട്ടുള്ള സബ്സിഡി തുകകൾ താഴെ പറയുന്നു.

| അംഗനവാടി നമ്പർ | സ്ഥലം | സബ്സിഡി തുക |
|---|---|---|
| 68 | എക്സ് കോളനി | 855 |
| 80 | മൂന്ന് മുക്ക് | 374 |
| 81 | മാവുനിന്ന പച്ച | 1220 |
| 83 | നെല്ലിക്കുന്ന് | 854 |
| 86 | അയിരൂർ | 473 |
| 90 | പാലുവള്ളി | 858 |
| 93 | കടുമാംകുഴി | 1008 |

മേൽ തുകകൾ അംഗനവാടി ടീച്ചർമാർ നേരിട്ട് ചെലവ് നടത്തിയിട്ടുള്ളതിനാൽ അക്കൗണ്ടിലെ സബ്സിഡി തുകകൾ ടീച്ചർമാർക്ക് കൈമാറുന്നതിനുള്ള നടപടികളും തുടർന്ന് സബ്സിഡി ഒഴിവാക്കാനുള്ള സത്വരനടപടികളും ICDS സൂപ്പർവൈസർ മുഖേന നടപ്പിലാക്കാൻ ഭരണ സമിതി തയ്യാറാക്കിയിട്ടുണ്ട്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 1100000 | ബഡ്സ് സ്കൂൾ നിർമ്മാണം | 0 | 1100000 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 300000 | ബി.റ്റി.എൻ.ആർ മാർക്കറ്റ് മാലിന്യ സംസ്കരണ പ്ലാന്റ് | 0 | 300000 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 100000 | പാലിയേറ്റീവ് കെയർ | 0 | 100000 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം./ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| 1 | പി.ഡബ്ല്യു.ഡി (ഇലക്ട്രിക്കൽ) | അംഗൻവാടി വൈദ്യുതീകരണം | | 215000 | - | യൂട്ടിലൈസേഷൻ ലഭിച്ചിട്ടില്ല |
| 2 | പി.ഡബ്ല്യു.ഡി (ഇലക്ട്രിക്കൽ) | ഭരതന്നൂർ. പി.എച്ച്.സി, വയറിംഗ് | | 149000 | - | യൂട്ടിലൈസേഷൻ ലഭിച്ചിട്ടില്ല |

| | | | | | | |
|---|---|---|---|---|---|---|
| 3 | പി.ഡബ്ല്യ.ഡി (ഇലക്ട്രിക്കൽ) | ഭരതന്നൂർ. പി.എച്ച്.സി 3 ഫെയ്സ് കണക്ഷൻ | | 118000 | - | യൂട്ടിലൈസേഷൻ ലഭിച്ചിട്ടില്ല |
| 4 | കെ.ഡബ്ല്യ.എ | ആയുർവേദ ആശുപത്രിക്ക് കുടിവെള്ള കണക്ഷൻ | | 36000 | - | യൂട്ടിലൈസേഷൻ ലഭിച്ചിട്ടില്ല |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നം./തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവന പദ്ധതി | ജി.ഒ.273/2010 27.1.2010 | 2169500 | 8564655 | 2616943 | | 594772 |
| ഇ.എം.എസ്. ഭവന പദ്ധതി | ജി.ഒ.90/2013/ എൽ.എസ്. ജി.ഡി 14.03.2013 | 852500 | 6443950 | 2094057 | | 4349893 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

വിവരങ്ങൾ ലഭ്യമല്ല

| റിപ്പോർട്ട് | ഭാഗം/ | ഈടാക്കിയ | ഒടുക്കിയ ആളുടെ | രസീത് നം. / തീയതി |
|---|---|---|---|---|

| വർഷം | ഖണ്ഡിക | തുക | പേരും ഉദ്യോഗപ്പേരും | |
|---|---|---|---|---|
| 2014-15 | 2.2 | 1600 | അൻസു സുദർശൻ | 116003102165/20.08.2016 |
| 2014-15 | 3.10 | 500 | ആർ.വത്സല | 116003103200/1.10.2016 |
| 2014-15 | 2.1 | 1600 | വിജയകുമാർ | 116003104246/31.10.16 |
| 2014-15 | 97/15 | 16211 | എ.ഇ, എൽ.എസ്.ജി.ഡി | 116003104806/02.11.2016 |
| 2014-15 | 131/15 | 12783 | എ.ഇ, എൽ.എസ്.ജി.ഡി | 116003104806/02.12.16 |
| 2014-15 | 3.3 | 10738 | എ.ഇ, എൽ.എസ്.ജി.ഡി | 116003105037 /02.12.16 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2003-04 | 3.7(എ) | 2006-07 | എ1-237/04 | സാമ്പത്തിക ക്രമക്കേട് | ഉത്തരവാദികളായ ഉദ്യോഗസ്ഥരെ സർവ്വീസിൽ നിന്നും പിരിച്ചു വിട്ടിട്ടുണ്ട്. ആർ.ആർ നടപടിക്ക് ശുപാർശ ചെയ്തു |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 64213148 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 56377369 |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |

| | | |
|---|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2395865 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ക്രമ നം. | ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 1 | 3.1 | 600000 | എം.സുനി, അസിസ്റ്റന്റ് സെക്രട്ടറി |
| | 3.2 | 916385 | ശ്രീമതി.ജെസ്സി, സെക്രട്ടറി |
| | 3.3 | 879480 | ശ്രീമതി.ഹീര.റ്റി.എസ് |
| | ആകെ | 2395865 | |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും | തീർപ്പാക്കാൻ അവശേഷിക്കുന്ന | റിമാർക്ക്സ് |
|---|---|---|---|

| | ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | ഖണ്ഡികകളുടെ എണ്ണം | |
|---|---|---|---|
| 2000-01 | LFTD.GP 10/571/03 dtd: 21.07.14 | 13 | |
| 2001-02 | LFTD.GP 10/571/04 dtd: 21.07.14 | 4 | |
| 2002-03 | LFTD.GP10/408/05 dtd: 21.07.14 | 4 | |
| 2003-04 | LFTD.GP10/909/06dtd: 21.07.14 | 3 | |
| 2004-05 | LFTD.GP10/1158/08 dtd: 21.07.14 | 2 | |
| 2005-06 | LFTD.GP10/980/09 dtd: 21.07.14 | 5 | |
| 2006-07 | LFTD.GP10/981/09 dtd: 21.07.14 | 8 | |
| 2007-08 | LFTD.GP10/669/11 dtd: 21.07.14 | 5 | |
| 2008-09 | LFTD.GP10/670/11 dtd: 21.07.14 | 9 | |
| 2009-10 | LFTD.GP10/1269/12 dtd: 21.07.14 | 18 | |
| 2010-11 | LFTD.GP10/1270/12 dtd: 19.11.12/04.05.2013 | | |
| 2011-12 | LFTD.GP10/1142/13 dtd: 31.07.2013/28.10.2013 | | |
| 2012-13 | LFTD.GP10/234/15 dtd: 02.05.15/07.07.2015 | | |

| | | | |
|---|---|---|---|
| 2013-14 | LFTD.GP10/2070/15 dtd: 14.12.15 | 17 | |
| 2014-15 | KSA./TVM/GP10/1375/16 dtd: 01.08.16 | 24 | |
| 2015-16 | KSA./TVM/GP10/2156/16 dtd: 15.12.16 | 31 | |

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

S.3/10/17

അനുബന്ധം - 1

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് , ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ പാങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ, എന്റെ അഭിപ്രായത്തിൽ പാങ്ങോട് ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

*ന്യൂനതകളുടെ സംഗ്രഹം*

1. മുൻവർഷത്തെ അംഗീകരിച്ച AFS പ്രകാരം ജനറൽ ലഡ്ജർ ട്രയൽ ബാലൻസിലെ Excess of Income over expenditure പ്രകാരം നീക്കിയിരിപ്പ് 7002825/- രൂപ ആണ്. എന്നാൽ തൻവർഷത്തെ ജനറൽ ലഡ്ജർ ട്രയൽ ബാലൻസ് പ്രകാരമുള്ള മുന്നിരിപ്പ് 10245833/- രൂപ ആണ്. വ്യത്യാസം 3243008/- രൂപ

2. MNREGS ന്റെ ക്യാഷ്ബുക്ക് പ്രകാരം വരവ് 1010497/- രൂപയാണ്. എന്നാൽ AFS പ്രകാരം 973497/- രൂപയാണ് , വ്യത്യാസം 37000/- രൂപയാണ്.

3. ACR പ്രകാരം ICDS ന്റെ വരവ് 1018833/- ആണ്. എന്നാൽ AFS പ്രകാരം 1086599/- ആണ്.

4. EMS ലോൺ രജിസ്റ്റർ പ്രകാരം തൻവർഷം ലോൺ ഇനത്തിൽ തിരിച്ചടച്ച മുതൽ 3025000/- രൂപ ആണ്. എന്നാൽ RP 32 പ്രകാരം 3469443/- ആണ്. വ്യത്യാസം 444443/-.

5. EMS ലോൺ രജിസ്റ്റർ പ്രകാരം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക 11983605/- ആണ്. എന്നാൽ B5 ഷെഡ്യൂൾ പ്രകാരം ആയത് 2158750/- ആണ്. വ്യത്യാസം 9824855/-.

6. B-11 (a) Schedule പ്രകാരം capital work in progress 2690483/- ആണ്. എന്നാൽ AE സാക്ഷ്യപ്പെടുത്തിയ രേഖകൾ പ്രകാരം ആയത് 2561116/- ആണ്.

7. B-9 ഷെഡ്യൂളിലെ provision പ്രകാരമല്ല എല്ലാ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകളും അടുത്ത സാമ്പത്തിക നടത്തിയിരിക്കുന്നത്.

ഉദാ :-

| | AFS പ്രകാരം | വൗച്ചർ പ്രകാരം |
|---|---|---|
| Pension Contribution payable | 54601 | 50048 |
| State life Insurance | 5025 | 4525 |
| Group Insurance scheme | 2700 | 2550 |

8. RP 43 പ്രകാരം കെട്ടിട നികുതി കളക്ഷൻ 3283706/- രൂപ ആണ്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം കളക്ഷൻ 3287264/-, വ്യത്യാസം 3558/- രൂപ.

9. RP 43 പ്രകാരം തൊഴിൽ നികുതി - സ്ഥാപനങ്ങളിൽ നിന്നുള്ള വരവ് 341650/- ആണ്. എന്നാൽ രജിസ്റ്റർ പ്രകാരം 352900/- രൂപ ആണ്. വ്യത്യാസം 11250/-

10. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ലാത്തതിനാൽ B-11 ഷെഡ്യൂൾ പ്രകാരമുള്ള ആസ്തികളുടെ മൂല്യം കൃത്യമായി നിർണ്ണയിക്കാനായിട്ടില്ല.

11. വാർഷിക ധനകാര്യ പത്രിക പ്രകാരം തൊഴിൽ രഹിത വേതനം ചെലവ് 701760/-

രൂപയാണ്. എന്നാൽ രജിസ്റ്റർ പ്രകാരം ആയത് 701940/- ആണ്.

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്